(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടികൾ നടത്തി വിവരം തെയ്യപ്പെടുത്തിയിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കുത്തകപ്പാട്ടത്തിനു കൃഷിസ്ഥലം

*൨൯൦. (൯൬) ശ്രീ. കെ. ശാർങ്ങധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അമ്പലപ്പുഴ താലൂക്കിനുള്ളിൽ നെൽകൃഷിക്കായി വെമ്പനാട്ടു കായലിൽ ഏതാനും സ്ഥലം കുത്തകപ്പാട്ടവ്യവസ്ഥയിൽ പതിച്ചു കൊടുക്കുന്നതിനു ഗവണ്മെന്റു തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഏക്കറെന്നും എന്തെല്ലാം വ്യവസ്ഥകളോടുകൂടിയെന്നും വ്യക്തമാക്കുമോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഭൂനയക്കമ്മറിയുടെ പ്രവർത്തനം

*൨൯൧ (൯൭) ശ്രീ. കെ. ശാർങ്ങധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ...

(എ) ഭൂനയക്കമ്മറിയുടെ പ്രവർത്തനങ്ങൾക്ക അംഗങ്ങളുടെ അലവൻസു ഉൾപ്പെടെ എത്ര ചിലവു വരും;

(ബി) ടി കമ്മറിയുടെ റിപ്പോർട്ട ഗവണ്മെൻറിൽ സമർപ്പിച്ചു കഴിഞ്ഞോ?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. ജെ. ജോൺ):

(എ) ഉദ്ദേശം ൧൫൦൦൦ രൂപാ ഇതേവരെ ചെലവായിട്ടുണ്ട്.

(ബി) ഇല്ലാ.

ഗോതമ്പുവിതരണം

*൨൯൨. (൧൦൦) ശ്രീ. കെ. ശാരംഗധരൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഭക്ഷ്യ മന്ത്രി സദയം മറുപടി നൽകുമോ.—

അമ്പലപ്പുഴ താലൂക്കിൽ വിതരണം ചെയ്യുന്നതിന്നായി ഇയ്യാണ്ടിൽ ഓരോ മാസത്തേക്കും എത്രവീതം സൂചിഗോതമ്പ് (ലാംഗ്വീറ്റ്) താലൂക്ക് അധികാരികളെ എൽപിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഇയ്യാണ്ടിൽ ഏപ്രിൽ മാസത്തിൽ ൧൫ ശതമാക്കവും, മേയ് മാസത്തിൽ ൨൫ ശതമാനവും, ആഗസ്റ്റ് മാസത്തിൽ ൫൦ ശതമാക്കവും സൂചിഗോതമ്പു അമ്പലപ്പുഴ താലൂക്കിൽ വിതരണം ചെയ്യുന്നതിന്നായി താലൂക്കധികാരികളെ എല്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly